# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പീരുമേട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.2-236 /2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 28/04/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പീരുമേട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പീരുമേട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പീരുമേട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.2-236 /2023 തീയ്യതി: 28/04/2023

## ഇടുക്കി ജില്ലയിലെ പീരുമേട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ പീരുമേട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-06-2022 മുതൽ 18-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 20-02-2023 | 27-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-02-2023 | 27-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. സൂസനിയാമ്മ തോമസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. ജിബി ഇ.വി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. വിഷ്ണു പി.കെ. സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അബ്ദുൾ അലി കുന്നൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. എസ്. സാബു | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ. അനിൽകുമാർ എസ്.എൽ. | സെക്രട്ടറി | 01-04-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. റസീന കെ.എസ്. | അസി.സെക്രട്ടറി | 01-04-2021 | 22-02-2022 |
| ശ്രീ. ശ്രീകുമാർ വി.കെ. | അസി.സെക്രട്ടറി | 23-02-2022 | 31-03-2022 |
| ശ്രീ. സ്റ്റീഫൻ റ്റി. | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ. ഡോൺ ബോസ്കോ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി), വണ്ടിപ്പെരിയാർ | 01-04-2021 | 31-03-2022 |
| ഡോ.ടിങ്കിൾ തോമസ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ഡോ. അഫ്സൽ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ. ബി. ഗണേശൻ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ. മണികണ്ഠൻ എസ്. | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. എം.ഐ.ഷൈലജ | ഹെഡ് മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീ. സുമേഷ് സോമൻ | വി.ഇ.ഒ. | 01-04-2021 | 14-09-2021 |
| ശ്രീ. എ. സി. മനോജ് | വി.ഇ.ഒ. | 15-09-2021 | 31-03-2022 |
| ശ്രീ. എ. സി. മനോജ് | വി.ഇ.ഒ. പീരുമേട്, പട്ടുമല സർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീമതി. അനീറ്റ അനി മാത്യൂ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 06-10-2021 |
| ശ്രീമതി. അനുപ്രിയ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 07-10-2021 | 02-12-2021 |
| ശ്രീമതി. സതി പി.കെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 03-12-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക ലഭിച്ചതിന്റെ വിവരം | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടികളിൽ ഗുരുതര അപാകത | 1-4-1 |
| 6 | ടാറിംഗ് പ്രവൃത്തി ഏറ്റെടുക്കുകയും ടെണ്ടർ നടപടിക്ക് ശേഷം ടാറിംഗ് ഒഴികെയുള്ള മറ്റ് പ്രവൃത്തികൾ നിർവ്വഹിക്കുകയും ചെയ്യുന്നു | 1-4-2 |
| 7 | പൂർത്തീകരിച്ച പൊതുമരാമത്ത് പ്രവൃത്തികളുടെ പ്രതിഫലം നൽകുന്നതിൽ അസാധാരണ കാലതാമസം | 1-4-3 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 9 | ക്ഷേമ പദ്ധതികൾ | 1-6 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-9 |
| 13 | പഞ്ചായത്തിന്റെ മിച്ചഫണ്ട് നിക്ഷേപിക്കുന്നതിൽ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല | 1-10 |
| 14 | കെട്ടിട നിർമ്മാണ അനുമതി നൽകൽ - ചട്ടം പാലിക്കുന്നില്ല | 1-11 |
| 15 | ഹരിത കർമ്മസേനയ്ക്ക് സ്മാർട്ട് ഗാർബേജ് ആപ്പ് - പൂർണ്ണമായി പ്രവർത്തന സജ്ജമായില്ല | 1-12 |
| 16 | മഴക്കാല പൂർവ്വ ശുചീകരണം- ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-13 |
| 17 | എ.ബി.സി പ്രോഗ്രാം- വിനിയോഗ രേഖകൾ ഹാജരാക്കിയില്ല | 1-14 |
| 18 | ജലസേചന പമ്പ്സെറ്റ് വിതരണം - സബ്സിഡി തുക ഗുണഭോക്താവിന് ലഭിച്ചില്ല | 1-15 |
| 19 | ജി.എസ്.റ്റി. കോംപോസിഷൻ സ്കീം പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനത്തിന് ജി.എസ്.റ്റി. അനുവദിക്കുന്നു | 1-16 |
| 20 | തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ -രേഖകൾ ഹാജാക്കിയില്ല | 1-17 |
| 21 | എസ്.എസ്.എ. വിഹിതം -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-18 |
| 22 | സാമൂഹ്യ സുരക്ഷാ പെൻഷൻ – സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ് | 1-19 |
| 23 | ലൈഫ് ഭവന പദ്ധതി-ഹഡ്കോ വായ്പ വിവരം പൂർണ്ണമായും സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-20 |

| | | |
|---|---|---|
| 24 | ഗുണഭോക്തൃ രജിസ്റ്ററിൽ ബിൽ/ ചെക്ക്/ വൌച്ചർ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല | 1-20-1 |
| 25 | അഗതി രഹിത കേരളം പദ്ധതി (ആശ്രയ)-തുക പിൻവലിച്ച് കുടുംബശ്രീ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചതിൽ നടപടികൾ അവസാനിപ്പിച്ചു | 1-21 |
| 26 | പീരുമേട് മാലിന്യ സംസ്കരണ പ്ലാന്റിൽ അനുബന്ധ സൌകര്യമൊരുക്കലും വളം ശേഖരിക്കുന്നതിന് അരിപ്പ വാങ്ങലും - വാങ്ങൽ നടപടിക്രമം പാലിച്ചിട്ടില്ല | 1-22 |
| 27 | കുട്ടിക്കാനം വോളിബാൾ കോർട്ട് നെറ്റ് സ്ഥാപിക്കൽ- ആസൂത്രണത്തിന്റെ പിഴവുമൂലം പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-23 |
| 28 | വാർഡ് 8- 20-10 To 40 റോഡ് ടാറിംഗ്- പദ്ധതി നിർവ്വഹണത്തിൽ അപാകത, നഷ്ടം ₹39066/- | 1-24 |
| 29 | ദുരിതാശ്വാസ നിധി - രൂപീകരിച്ചിട്ടില്ല | 1-25 |
| 30 | ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ-നിർവ്വഹണ ഏജൻസി ഔഷധങ്ങൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല | 1-26 |
| 31 | പൊതുടാപ്പുകളുടെ വെള്ളക്കരം -ഒടുക്ക് വരുത്തിയ തുക ഡിമാന്റിൽ കുറവ് വരുത്തുന്നില്ല. | 1-27 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | വാർഡ് 8- 20-10 To 40 റോഡ് ടാറിംഗ്- പദ്ധതി നിർവ്വഹണത്തിൽ അപാകത, നഷ്ടം ₹39066/- | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾ | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ ലഭ്യമായ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ബജറ്റ് അംഗീകരിച്ച ഭരണസമിതി തീരുമാനം/തീയതി | 1(1)/17.02.2021 |
| പുതുക്കിയ ബജറ്റ് അംഗീകരിച്ച തീരുമാനം/തീയതി | 1(1)/04-03-2022 |
| ബജറ്റ് പ്രകാരം പ്രതീക്ഷിത മുന്നിരിപ്പ് | ₹7848000 |
| പുതുക്കിയ ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് | ₹272652120 |
| പുതുക്കിയ പ്രതീക്ഷിത ചെലവ് | ₹276246660 |
| നീക്കിയിരിപ്പ് | ₹4253460 |

### 1-2 വാർഷിക ധനകാര്യ പത്രിക ലഭിച്ചതിന്റെ വിവരം

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 11.07.2022 | | |

### 1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | അലോട്ട്മെന്റ്/ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 0 | 20262000 | 20262000 | 19787120 | |
| | എസ്.സി.പി | 0 | 16756000 | 16756000 | 15478966 | |
| | റ്റി.എസ്.പി. | 0 | 595000 | 595000 | 578500 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 17316707 | 19628958 | 36945665 | 5793930 | 31151735 |
| സംരക്ഷണ ഗ്രാന്റ് | റോഡിതരം | 0 | 6178000 | 6178000 | 6151301 | |
| | റോഡ് | 0 | 17393000 | 17393000 | 15365524 | |
| കേന്ദ്രാവിഷ്കൃത പദ്ധതി | ഐ.സി.ഡി.എസ് | 1439539 | 824208 | 2263747 | 0 | 2263747 |
| | ശുചിത്വമിഷൻ | 946812 | 170000 | 1116812 | 0 | 1116812 |
| | ടോട്ടൽ സാനിട്ടേഷൻ | 1308827 | 0 | 1308827 | 0 | 1308827 |
| | SSA | 0 | 1326900 | 1326900 | 1326900 | 0 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | ഫെസ്റ്റിവൽ ഗ്രാന്റ് (ശബരിമല ഗ്രാന്റ്) | 436903 | 0 | 436903 | 181831 | 255072 |
| | വിമുക്തി | 2230 | 0 | 2230 | 0 | 2230 |
| | ഗ്രാന്റ്(320300199) | 30703614 | 711000 | 31414614 | 8807201 | 22607413 |
| | ഗ്രാന്റ് (320200399) | 10680 | 40000 | 410680 | 0 | 410680 |

1) ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

വികസന ഫണ്ട് പൊതുവിഭാഗത്തിൽ ഒന്ന്, രണ്ട്, മൂന്ന് ഗഡുക്കൾ അനുവദിച്ചപ്പോൾ അങ്കണവാടി പ്രതിഫലം, ലൈഫ് ഭവന പദ്ധതി ലോൺ തിരിച്ചടവ് വിഹിതം എന്നീയിനങ്ങളിലും, എസ്.സി.പി. വിഭാഗത്തിൽ ഒന്ന്, രണ്ട്, മൂന്ന് ഗഡുക്കൾ അനുവദിച്ചപ്പോൾ ലൈഫ് ഭവന പദ്ധതി ലോൺ തിരിച്ചടവ് വിഹിതം എന്നയിനത്തിലും, റ്റി.എസ്.പി. വിഭാഗത്തിൽ ഒന്ന്, രണ്ട്, മൂന്ന് ഗഡുക്കൾ അനുവദിച്ചപ്പോൾ ലൈഫ് ലോൺ തിരിച്ചടവ് വിഹിതം എന്നയിനത്തിലും, റോഡിതര സംരക്ഷണ ഗ്രാന്റ് വിഭാഗത്തിൽ അവസാന രണ്ട് ഗഡുക്കൾ അനുവദിച്ചപ്പോൾ ലൈഫ് ഭവന പദ്ധതി ലോൺ തിരിച്ചടവ് വിഹിതം, വോട്ടിംഗ് മെഷീൻ വിഹിതം എന്നീയിനങ്ങളിലും സ്രോതസ്സിൽ നിന്നും തുക കുറവ് ചെയ്തിരുന്നു. ഗ്രാന്റ്

സ്റ്റേറ്റ്മെന്റിലെ വരവിൽ മേൽ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, ചെലവിൽ തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ, ഫണ്ടുകളുടെ വരവ്, നീക്കിയിരിപ്പ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങളും സ്രോതസ്സും ഇനം തിരിച്ച് ലഭ്യമല്ല.

2) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ചെലവ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

ഗ്രാമപഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ. സി. ആർ. എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർത്ത ഇനങ്ങളിലെ ചെലവുകൾ പൊരുത്തപ്പെടുന്നില്ല.

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | എ സി ആർ |
|---|---|---|
| വികസന ഫണ്ട് ജനറൽ | 19787120 | 12313624 |
| വികസന ഫണ്ട് എസ്. സി പി | 15478966 | 12846992 |
| വികസന ഫണ്ട് ടി എസ് പി | 578500 | 429904 |
| സി എഫ് സി ടൈഡ് | 3309899 | 5578600 |
| സി എഫ് സി അൺ ടൈഡ് | 2484031 | 2750665 |
| മെയിന്റൻസ് ഫണ്ട് നോൺ റോഡ് | 6151301 | 6269082 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 15365524 | 15615017 |

## 1-4 പദ്ധതി അവലോകനം

2021-22 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 264 | 222843405 | 179 | 71892750 | 85 | 32 |

1. ചെലവഴിച്ച വിവിധ ഫണ്ടുകളുടെ വിവരം

| ഇനം | | അടങ്കൽ തുക ₹ | ചെലവ് തുക ₹ |
|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 20891452 | 19787120 |
| | പട്ടിക ജാതി വിഭാഗം | 21411056 | 1548966 |
| | പട്ടിക വർഗ്ഗ വിഭാഗം | 595000 | 578500 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 19628958 | 5793930 |
| കേന്ദ്രാവിഷ്കൃതഫണ്ട് | | 2602967 | 542978 |
| സംസ്ഥാനാവിഷ്കൃതഫണ്ട് | | 0 | 0 |
| തനത് ഫണ്ട് | | 15648284 | 5951508 |
| മറ്റ് ഗ്രാമ പഞ്ചായത്ത് ഫണ്ട് | | 0 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 5465550 | 165000 |
| മറ്റ് ജില്ലാ പഞ്ചായത്ത് | | 5300000 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | | 17393000 | 15365524 |
| സംരക്ഷണ ഗ്രാന്റ് റോഡിതരം | | 10505918 | 6151301 |
| മറ്റിനം | | 103401200 | 2077923 |

| | | |
|---|---|---|
| ആകെ | 222843405 | 71892750 |

2. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ എണ്ണം | അടങ്കൽ തുക ₹ | നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ എണ്ണം | ചെലവ് തുക ₹ |
|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 5853651 | 6 | 5358374 |
| വെറ്ററിനറി സർജൻ | 5 | 890800 | 4 | 790784 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 5 | 1451100 | 4 | 1269790 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 163000 | 2 | 162159 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 5 | 990000 | 5 | 955023 |
| വില്ലേജ് ഓഫീസർ | 12 | 125415488 | 5 | 8053154 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 6643380 | 7 | 4876478 |
| സെക്രട്ടറി | 49 | 27350516 | 32 | 17549367 |
| അസി എഞ്ചിനീയർ | 166 | 52530331 | 107 | 31464587 |
| അസി.സെക്രട്ടറി | 3 | 1185139 | 3 | 1138679 |
| ഹെഡ് മാസ്റ്റർ | 4 | 370000 | 4 | 274355 |
| ആകെ | 264 | 222843405 | 179 | 71892750 |

1-4-1 പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടികളിൽ ഗുരുതര അപാകത

| | |
|---|---|
| പ്രോജക്ട് | 179/22, വാർഡ് 9, പട്ടുമുടി കോൺക്രീറ്റ് റോഡ്- ഓട നിർമ്മാണം |
| അടങ്കൽ | ₹200000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജീനീയർ |
| ബിൽ നം./തീയതി/തുക | 21100252014001027903/ 29.01.2022/ ₹198645/- |

മേൽ പ്രവൃത്തിക്കായി ടെണ്ടർ ക്ഷണിച്ചതിൽ രണ്ട് ടെണ്ടർ ലഭിച്ചിരുന്നു. പ്രസ്തുത രണ്ട് ടെണ്ടർ ഫാറങ്ങളിലും ടെണ്ടർ സമർപ്പിച്ച വ്യക്തികളുടെ ഒപ്പ് ഉൾപ്പെടെ യാതൊരു രേഖപ്പെടുത്തലും ഇല്ല. ഇതിൽ ഒരു ഫാറത്തിൽ എസ്റ്റിമേറ്റ് നിരക്ക് എന്ന ഭാഗത്ത് ഒരു " ശരി "ചിഹ്നം മാത്രമാണുള്ളത്. പ്രസ്തുത ടെണ്ടർ അംഗീകരിച്ചാണ് പ്രവൃത്തി നിർവ്വഹിച്ചത്. ടെണ്ടർ സ്വീകരിക്കുമ്പോൾ പുലർത്തേണ്ട നടപടിക്രമങ്ങളനുസരിച്ച് പ്രസ്തുത ടെണ്ടറുകൾ നിരസിക്കേണ്ടതാണ്. എന്നാൽ യാതൊരു മാനദണ്ഡവും പാലിക്കാതെ ലഭിക്കുന്ന ടെണ്ടർ പോലും അംഗീകരിക്കുന്നതിലൂടെ നടപടികൾ നിയമാനുസൃതവും സുതാര്യവുമായി നടത്തുന്നില്ല എന്ന വസ്തുതയാണ് വ്യക്തമാകുന്നത്. മാത്രമല്ല ടെണ്ടർ ഫോറങ്ങൾ പരിശോധിച്ചാൽ ഇ-ടെണ്ടർ ഒഴികെയുള്ള ഒരു ടെണ്ടറിലും മത്സരസ്വഭാവം കാണുന്നില്ല എന്ന വ്യക്തമാകുന്നു. നിരവധി ടെണ്ടറുകളിൽ നിരക്ക് രേഖപ്പെടുത്തിയതിൽ തിരുത്തൽ വരുത്തിയിരിക്കുന്നതായി കാണുന്നു. ഇതെല്ലാം പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടിയിൽ ഗുരുതരമായ വീഴ്ചയാണ് വെളിവാക്കുന്നത്. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് 22.02.2023 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 18) മറുപടി ലഭ്യമാക്കിയില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ

നടപടികളിലെ അപാകതകൾ ഭരണ സമിതി പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

### 1-4-2 ടാറിംഗ് പ്രവൃത്തി ഏറ്റെടുക്കുകയും ടെണ്ടർ നടപടിക്ക് ശേഷം ടാറിംഗ് ഒഴികെയുള്ള മറ്റ് പ്രവൃത്തികൾ നിർവ്വഹിക്കുകയും ചെയ്യുന്ന

| | |
|---|---|
| പ്രോജക്ട് | 169/22, വാർഡ് 9- 56ാം മൈൽ കരോട്ടുമുറി റോഡ് ടാറിംഗ് |
| അടങ്കൽ | ₹ 865000/- (മെയിന്റനൻസ് ഗ്രാന്റ്- റോഡ്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| അളവ് ബുക്ക് നം. | 699/20-21 |
| കരാറുകാരൻ | ശ്രീ. എം. സെബാസ്റ്റ്യൻ |
| ബിൽ നം./തീയതി/ തുക 201002520 | 20100252014001441806/ 30.03.2021/ ₹253410/- |

മെയിന്റനൻസ് ഗ്രാന്റ് -റോഡ് വിഹിതം വകയിരുത്തി ഏറ്റെടുത്ത മേൽ പദ്ധതിയിൽ ടാറിംഗ് പ്രവൃത്തിക്ക് മാത്രമായി ₹570052.46/- യും ബാക്കി തുക റോഡ് കോൺക്രീറ്റിംഗ്, കലുങ്ക് നിർമ്മാണം എന്നിവയ്ക്കുമായിരുന്നു. എന്നാൽ ടാറിംഗ് വേല പൂർണ്ണമായും ഒഴിവാക്കിയാണ് പ്രവൃത്തി നിർവ്വഹിച്ചത്. ടി പദ്ധതിയുടെ ഭാഗമായ ടാറിംഗ് വേല നാളിതുവരെ നിർവ്വഹിച്ചിട്ടുള്ള പക്ഷം അടിയന്തരമായി അറിയിക്കുവാൻ ആവശ്യപ്പെട്ട് 23.02.2023-ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 20) ന് മറുപടി ലഭ്യമാക്കിയില്ല. വിവിധ ടാറിംഗ് പ്രവൃത്തികളിൽ ഇപ്രകാരം ടെണ്ടർ നൽകിയതിന് ശേഷം ടാറിംഗ് ഒഴികെയുള്ള പ്രവൃത്തികൾ മാത്രം നിർവ്വഹിക്കുന്ന രീതി ഭരണ സമിതി പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

### 1-4-3 പൂർത്തീകരിച്ച പൊതുമരാമത്ത് പ്രവൃത്തികളുടെ പ്രതിഫലം നൽകുന്നതിൽ അസാധാരണ കാലതാമസം

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങളിലെ ചട്ടം 15(7) പ്രകാരം ഒരു പൊതുമരാമത്ത് പണി പൂർത്തിയായി കഴിഞ്ഞാൽ കരാറുകരാനോ ഗുണഭോക്തൃ സമിതിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി കൺവീനറോ അതതു സംഗതിപോലെ വിവരം പഞ്ചായത്ത് സെക്രട്ടറിയെയും പഞ്ചായത്ത് എഞ്ചിനീയറെയും രേഖാമൂലം അറിയിക്കേണ്ടതും അപ്രകാരം അറിയിപ്പുകിട്ടി ഒരാഴ്ചയ്ക്കകം പണികളുടെ അളവെടുക്കലും ചെക്ക് മെഷർമെന്റ് നടത്തലും പൂർത്തിയാക്കേണ്ടതും അതിനുശേഷം രണ്ടാഴ്ച്ചക്കകം പണിയുടെ അവസാന പേയ്മെന്റ് നടത്തേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മുൻവാർഷിക പദ്ധതിയിലെ വിവിധ പ്രവൃത്തികൾ അവ പൂർത്തീകരിച്ച് അളവ് രേഖപ്പെടുത്തി ചെക്ക് മെഷർമെന്റ് കഴിഞ്ഞ് മാസങ്ങൾക്കുശേഷവും ഏകദേശം ഒരു വർഷത്തിനു ശേഷവും തുക അനുവദിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | അടങ്കൽ (₹) | പ്രവൃത്തി പൂർത്തീകരിച്ച തീയതി | തുക അനുവദിച്ച തീയതി | ട്രഷറിയിൽ ബിൽ സമർപ്പിച്ച തീയതി | തുക (₹) |
|---|---|---|---|---|---|---|
| 1 | 38/20, വാർഡ് -1 പള്ളിക്കുന്ന് പുതുവൽ റോഡ് കോൺക്രീറ്റിംഗ് | 261411 | 10.08.2020 | 05.08.2021 | 20100252014001455912/ 31.03.2021 | 201192 |
| 2 | 326/20, പട്ടുമല എസ്.സി. കോളനി റോഡ് കോൺക്രീറ്റ് | 144683 | 21.07.2020 | 27.07.2021 | 20100252014001455909/ 31.03.2021 | 137363 |
| 3 | 17/20, വാർഡ്-1 പള്ളിക്കുന്ന് പൂഞ്ഞാർ കുളം റോഡ് | 265077 | 27.07.2020 | 29.10.2021 | 20100252014001455911/ 31.03.2021 | 263223 |

| | | | | | | |
|---|---|---|---|---|---|---|
| | കോൺക്രീറ്റിംഗ് | | | | | |
| 4 | 342/20, വാർഡ് -10 കരടിക്കുഴി കോളനി നടപ്പാത | 100000 | 15.09.2020 | 29.10.2021 | 20100252014001455916/ 31.03.2021 | 99402 |

തുക നൽകുന്നതിന് അസാധാരണമായ കാലതാമസം നേരിട്ടതിന് വിശദീകരണം ആവശ്യപ്പെട്ട് 21.02.2023 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 9) മറുപടി ലഭ്യമാക്കിയില്ല. കരാറുകാർക്ക് പൂർത്തീകരിച്ച പ്രവൃത്തിയുടെ പണം അനുവദിക്കുന്നതിന് ഇപ്രകാരം കാലതാമസം നേരിടുന്നത് പൊതുമരാമത്ത് പ്രവൃത്തികളുടെ സുഗമമായ നടത്തിപ്പിന് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. ഇക്കാര്യം ഭരണ സമിതി വിലയിരുത്തി ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 3296.25 | 1124065 | 1127361.25 | 1126537.25 | 824 |
| തൊഴിൽകൂലി | 0 | 51355038 | 51355038 | 51355038 | 0 |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിതവേതനം | 15480 | 11 |
| വിധവാ പെൻഷൻ | 18134900 | 944 |
| കർഷകതൊഴിലാളി പെൻഷൻ | 2446700 | 127 |
| 50 വയസിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 115200 | 6 |
| വാർദ്ധക്യകാല പെൻഷൻ | 49845300 | 2596 |
| വികലാംഗപെൻഷൻ | 4477200 | 234 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.02.2023-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹20365/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തുന്നുണ്ട്. സ്ഥലംമാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ രജിസ്റ്റർ, ക്യാഷ്ബുക്ക്, ആസ്തിരജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികൾ ചർച്ച ചെയ്യുന്ന വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരുമ്പോൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വസ്തുനികുതി പിരിവ്, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുന്നില്ല.

പഞ്ചായത്തിൽ 13 വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നൽകിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഓഡിറ്റ് വർഷം ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. പ്രസ്തുത യോഗത്തിന്റെ ഹാജർ രേഖപ്പെടുത്തിയതല്ലാതെ മിനിട്സ് ബുക്കിൽ മറ്റ് രേഖപ്പെടുത്തലുകളില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനം പദ്ധതി നിർവ്വഹണത്തിന് അത്യന്താപേക്ഷിതമായതിനാൽ ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുവാനും പദ്ധതി പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം, സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുവാനും സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് സാധിച്ചിട്ടില്ല.

പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുണ്ട്.

1- 8-1 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

1-8-2 മുൻകൂർ രജിസ്റ്റർ

മുൻകൂർ രജിസ്റ്ററിൽ ഓണം മുൻകൂർ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കുകൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ, മറ്റുള്ളവർക്കുള്ള മുൻകൂർ എന്നിവയിൽ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ, രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-8-3 സ്റ്റോക്ക് രജിസ്റ്റർ

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ, വാറണ്ടി, സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-8-4 സ്യൂട്ട് രജിസ്റ്റർ

സ്യൂട്ട് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. അതിനാൽ, കേസുകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ നിന്നും വ്യക്തമായി അറിയുന്നതിന് സാധിക്കുന്നില്ല.

1-8-5 ഓഡിറ്റ് റിക്കവറി രജിസ്റ്റർ

ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള നഷ്ടോത്തരവാദിത്വം സംബന്ധിച്ച വിവരങ്ങൾ, തുക തിരികെ ഒടുക്കിയിട്ടുള്ളതിന്റെ വിവരങ്ങൾ എന്നിവ ചേർത്ത് കാലികമാക്കിയിട്ടില്ല.

1-8-6 ഡെപ്പോസിറ്റ് രജിസ്റ്റർ

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ഡെപ്പോസിറ്റുകളുടെ റീഫണ്ട് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി അധികൃതമാക്കിയിട്ടില്ല. എല്ലാ കോളത്തിലും ആവശ്യമായ

രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

1-9 വാർഷിക കണക്കിലെ അപാകതകൾ

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ചുവടെ ചേർത്ത പ്രകാരമുള്ള അപാകതകൾ കാണുന്നു.

1) ഇ ടെണ്ടർ ഫോറത്തിന്റെ വിലയായി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൌണ്ടിൽ നിന്നും തൻവർഷം ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക ഡിമാന്റ് ചെയ്ത് ഇൻകം ആൻ ഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് I-5(b) ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിലെ അദർ റസീവബിൾസ് (കറന്റ്) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2) ഓഡിറ്റ് റിക്കവറി രജിസ്റ്റർ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി കാലികമാക്കാത്തതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

3) പഞ്ചായത്തിന്റെ 31.03.2022-ലെ ആസ്തി-ബാദ്ധ്യത പത്രികയിലെ 350800101 - Liability In Respect Of Stale Cheques എന്ന ശീർഷകത്തിൽ ₹165414/- രേഖപ്പെടുത്തിയിട്ടുണ്ട്. മൂന്നുമാസകാലാവധി കഴിഞ്ഞ Stale Cheque തുകകൾ ഗ്രാമപഞ്ചായത്തിന്റെ ബാധ്യതയിൽ നിന്നും ഒഴിവാക്കി 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടങ്ങൾ 22, 44, 45 എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ തനതുഫണ്ടിൽ രേഖപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

4) വികസന ഫണ്ട് എസ്.സി.പി. തുക വാർഷിക കണക്ക് പ്രകാരം ₹12744791/- യാണ്. എന്നാൽ എ.സി.ആർ. പ്രകാരം ₹12846992/- യാണ്.

5) ആസ്തി രജിസ്റ്ററിൽ എല്ലാ ആസ്തികളുടെയും പൂർണ്ണമായ വിവരങ്ങൾ ചേർത്ത് കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാലും ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാലും വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6) ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തിൽ നടത്തിയ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

7) വാർഷിക ധനകാര്യ പത്രിക പ്രകാരം ലൈസൻസ് ഫീ ഇനത്തിലെ വരവ് ₹267000/-ആണ്. ലൈസൻസ് രജിസ്റ്റർ സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

8) ബി-9-ൽ എമൌണ്ട് പേയബിൾ ടു അദർ ക്രെഡിറ്റേഴ്സ് എന്ന ശീർഷകത്തിൽ ₹845351/- ബാധ്യതയായി നിലനിൽക്കുന്നു.

9) അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല.

10) ഷെഡ്യൂൾ ബി-9-ൽ ലൈബ്രറി സെസ് ഇനത്തിൽ ₹259893 അടവാക്കാനുള്ളതായി കാണുന്നു. തുടർനടപടി സ്വീകരിക്കേണ്ടതാണ്.

11) വസ്തുനികുതി ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവും പൊരുത്തപ്പെടുന്നില്ല.

12) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം58 പ്രകാരമുള്ള കാലയളവ് അവസാനിക്കുമ്പോഴത്തെ ചുവടെ ചേർത്ത നടപടികൾ യഥാസമയം പാലിച്ചിട്ടില്ല.

A) സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം സമാഹരിക്കുക

B) വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും.

C) സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന.

13) ചുവടെ ചേർത്ത ഫണ്ട് വരവുകൾ AFS, ACR എന്നിവ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഫണ്ടിനം | AFS പ്രകാരം | ACR പ്രകാരം |
|---|---|---|
| മെയിന്റനൻസ് (റോഡ്) | 15365524 | 15615017 |
| മെയിന്റനൻസ് (നോൺ റോഡ്) | 6151301 | 6269082 |
| വികസനഫണ്ട് (CFC- അൺടൈഡ്) | 1369108 | 2750665 |

14) വാർഷിക ധനകാര്യ പത്രിക പ്രകാരം റെന്റ് റസീവബ്ൾസ് ഫ്രം ബിൽഡിങ് അരിയർ ഇനത്തിൽ ₹153216/- വരവുണ്ട്. എന്നാൽ രജിസ്റ്റർ പ്രകാരം ഈ ഇനത്തിൽ വരവില്ല.

15) ബി4 ഷെഡ്യൂൾ പ്രകാരം അദർ ലയബിലിറ്റീസ് ശീർഷകത്തിൽ ₹4036019/- ബാധ്യതയായി അവശേഷിക്കുന്നു. ഇത്രയും ഗണ്യമായ തുക ബാധ്യതയായി വന്നത് പരിശോധിക്കേണ്ടതാണ്.

16) വിവിധ പ്രോജക്ടുകൾക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും 2020-21-ൽ ലഭ്യമായ വിഹിതം നാളിതുവരെ ചെലവഴിച്ചിട്ടില്ല.

17) പഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ള സംശയാസ്പദ തുകകൾക്ക് പ്രൊവിഷൻ നൽകിയിട്ടില്ല – ബി15 (A) ഷെഡ്യൂൾ.

## 1-10 പഞ്ചായത്തിന്റെ മിച്ചഫണ്ട് നിക്ഷേപിക്കുന്നതിൽ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം പഞ്ചായത്തിലെ മിച്ച ഫണ്ട് സഹകരണ സ്ഥാപനങ്ങളിൽ നിക്ഷേപിക്കുന്ന സാഹചര്യത്തിൽ ഓഡിറ്റ് തരംതിരിവിൽ "ബി" യിൽ കുറയാത്ത സഹകരണ സ്ഥാപനങ്ങളായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 2021-22 ൽ താഴെ പറയുന്ന സഹകരണ സ്ഥാപനങ്ങളിൽ പഞ്ചായത്ത് സ്ഥിരനിക്ഷേപം നടത്തിയിട്ടുള്ളതായി കാണുന്നു. പ്രസ്തുത സഹകരണ സ്ഥാപനങ്ങൾക്ക് ചട്ടത്തിൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരമുള്ള ഓഡിറ്റ് തരംതിരിവ് ഉറപ്പാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | തുക | പുതുക്കിയ/നിക്ഷേപിച്ച തീയതി |
|---|---|---|---|
| 1 | പാമ്പനാർ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം. കെ.351 | 1500000 | 24.03.2022 |
| 2 | ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം. 1-193 | 1500000 | 01.04.2021 |
| | ആകെ | 3000000 | |

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 26/24.02.2023) മറുപടി ലഭ്യമാക്കിയില്ല. ഇതിനു പുറമേ 2022-23 -ൽ പാമ്പനാർ സർവ്വീസ് സഹകരണ ബാങ്കിൽ ₹2000000/- കൂടി സ്ഥിരനിക്ഷേപം നടത്തിയിട്ടുണ്ട്. നിക്ഷേപം നടത്തിയിട്ടുള്ള രണ്ട് സഹകരണ സ്ഥാപനത്തിന്റെയും സഹകരണ വകുപ്പിന്റെ ഓഡിറ്റ് തരംതിരിവ് സംബന്ധിച്ച സാക്ഷ്യപത്രം അടിയന്തിരമായി ബാങ്കിൽ നിന്നും ലഭ്യമാക്കേണ്ടതും ചട്ടത്തിൽ നിർദ്ദേശിച്ച ക്ഷമത ഇല്ലാത്ത പക്ഷം നിക്ഷേപ തുക അടിയന്തിരമായി പിൻവലിക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം തുക ചട്ടവിരുദ്ധമായി ബാങ്കിൽ നിക്ഷേപിച്ചതിന് ഭരണ സമിതിയും സെക്രട്ടറിയും ഉത്തരവാദികളായിരിക്കുന്നതാണ്. ഈ വിഷയത്തിൽ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-11 കെട്ടിട നിർമ്മാണ അനുമതി നൽകൽ - ചട്ടം പാലിക്കുന്നില്ല

പീരുമേട് ഗ്രാമ പഞ്ചായത്തിൽ നിന്നും തൻവർഷം കെട്ടിട നിർമ്മാണാനുമതി നൽകിയ ചുവടെ

ചേർത്ത ഫയൽ പരിശോധിച്ചതിൽ, ആവശ്യമായ പാർക്കിംഗ് സൌകര്യം രേഖപ്പെടുത്താതെ നിർമ്മാണാനുമതി നൽകിയതായി കാണുന്നു.

| പെർമിറ്റ് നമ്പർ | കെട്ടിട ഉടമ | വിസ്തീർണ്ണം | റിമാർക്സ് |
|---|---|---|---|
| A2-BA 147802/06-05-22 | എം.എൻ. കൃഷ്ണൻ & ഡോ. കാർത്തിക എൻ. നവനീതം ഹൗസ് | 6870.7 M2 | ഗണം എ2. |

2019- ലെ കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ) ചട്ടങ്ങളിലെ ചട്ടം 29(2)(5) പ്രകാരം എ2 ഗണത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് ആദ്യത്തെ 1200 ച.മീ വരെയുള്ള നിർമ്മിതികൾക്ക് 90 ച.മീ ന് 1 എന്ന നിലയിലും ആയതിന് ഉപരിയായി വരുന്ന നിർമ്മിതികൾക്ക് 60 ച.മീ ന് 1 എന്ന രീതിയിലും പാർക്കിംഗ് ഒരുക്കേണ്ടതുണ്ട്. ആയതിന്റെ 25% ഇരുചക്ര വാഹന പാർക്കിംഗിനായും തെരുവ് വിട്ടുള്ള പാർക്കിംഗിനായി ഒരുക്കേണ്ടതുണ്ട്. ഇത് പ്രകാരം ടി നിർമ്മാണാനുമതി നൽകുന്നതിനായി 109 കാർ പാർക്കിംഗ് സൗകര്യവും 405 ച.മീ ഇരുചക്ര വാഹന പാർക്കിംഗിനും ഒരുക്കേണ്ടതുണ്ട്. എന്നാൽ മേൽ അപേക്ഷയുടെ ഒപ്പം സമർപ്പിച്ച പ്ലാൻ പ്രകാരം ആകെ 85 കാർ പാർക്കിംഗും ഇരു ചക്ര വാഹന പാർക്കിംഗിനായി 300ച.മീറ്ററും മാത്രമാണ് നൽകിയിരിക്കുന്നത് .

ആവശ്യമായ കാർ പാർക്കിംഗ്, ഇരു ചക്ര വാഹന പാർക്കിംഗ് സൗകര്യം ഇല്ലാതെ കെട്ടിട നിർമ്മാണാനുമതി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 16/22.02.2023) സമർപ്പിച്ച മറുപടിയിൽ നിർമ്മാണാനുമതി നൽകിയ ഭൂമിയിൽ പാർക്കിംഗിനായി ധാരാളം സ്ഥലം ലഭ്യമാണെന്നും കെട്ടിടത്തിന് ഒക്യുപൻസി അനുവദിക്കുന്ന സമയത്ത് പാർക്കിംഗ് സംബന്ധിച്ച വ്യക്തമായ രേഖപ്പെടുത്തലോട് കൂടി മാത്രമേ അംഗീകരിക്കൂ എന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.
മറുപടി അംഗീകരിക്കുന്നു. മറുപടിയുടെ നിജസ്ഥിതി തുടർന്നുള്ള ഓഡിറ്റ് വേളയിൽ പരിശോധിക്കുന്നതാണ്.

## 1-12 ഹരിത കർമ്മസേനയ്ക്ക് സ്മാർട്ട് ഗാർബേജ് ആപ്പ് - പൂർണ്ണമായി പ്രവർത്തന സജ്ജമായില്ല

| | |
|---|---|
| പദ്ധതി | ഹരിത കർമ്മസേനയ്ക്ക് സ്മാർട്ട് ഗാർബേജ് ആപ്പ് (254/22) |
| അടങ്കൽ | 204900/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 142900/- കെൽട്രോണിന് നൽകിയത്. വൌച്ചർ നം.22101077/31.3.2022 |

സർക്കാർ ഉത്തരവ് നം.(Rt)No.2307/2021/LSGD/18.11.21 പ്രകാരം ഹരിത കേരളാ മിഷന് സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം സോഫ്റ്റ്‌വെയർ മുഖേന തദ്ദേശസ്ഥാപനങ്ങളുടെ മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്ത് ഏകോപിപ്പിക്കുന്നതിനായി ഹരിത കർമ്മസേനയ്ക്ക് സ്മാർട്ട് ഗാർബേജ് ആപ്പ് (254/22) എന്ന പദ്ധതി തയ്യാറാക്കി ഗ്രാമ പഞ്ചായത്ത് കെൽട്രോണുമായി 21.3.2022 ൽ കരാറിലേർപ്പെട്ടിട്ടുണ്ട്. സർവ്വീസ് ചാർജ് ഇനത്തിൽ ₹135700/-യും എസ്.എം.എസ്. ചാർജ് ഇനത്തിൽ ₹7200/-യും (ആകെ ₹142900/-) കരാർ പ്രകാരം കെൽട്രോണിന് നൽകിയിട്ടുണ്ട്. 6 മാസത്തിനുള്ളിൽ ട്രെയിനിംഗ് പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതായിരുന്നുവെങ്കിലും പദ്ധതി പൂർത്തീകരണ റിപ്പോർട്ട് ലഭ്യമായിട്ടില്ല. ഹരിതകർമ്മ സേന ഓഫീസിന് ലാപ്ടോപ്പും അനുബന്ധ സാമഗ്രികളും വാങ്ങിയതല്ലാതെ മോണിട്ടറിംഗ് സംവിധാനം ശരിയായ രീതിയിൽ പ്രവർത്തനക്ഷമമായിട്ടില്ല. സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം പൂർണ്ണമായി പ്രവർത്തന സജ്ജമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 മഴക്കാല പൂർവ്വ ശുചീകരണം- ചെലവ് രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) |
| ബിൽ നമ്പർ/ തിയതി | തുക |
| 22100675/29.10.2021 | 170000 |

| | |
|---|---|
| ആകെ | 170000 |

ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലേയും മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ശുചിത്വ മിഷൻ ഫണ്ടിനത്തിലുള്ള ₹1,70,000/- മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) മേൽ സൂചിത വൗച്ചർ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ചെലവ് വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ശുചീകരണ പ്രവർത്തനങ്ങളുടെ ചെലവ് രേഖകളും കണക്കുകളും തയ്യാറാക്കി യഥാസമയം പരിശോധനയ്ക്ക് ഹാജരാക്കുന്നത് പ്രസ്തുത ശുചീകരണത്തിന് നേതൃത്വം വഹിക്കുന്ന അരോഗ്യപ്രവർത്തകരുടെയും (ഹെൽത്ത് ഇൻസ്പെക്ടർമാർ) ക്ലറിക്കൽ വിഭാഗത്തിന്റെയും ഉത്തരവാദിത്വമാണ്. ആയതിനാൽ ₹1,70,000/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-14 എ.ബി.സി പ്രോഗ്രാം- വിനിയോഗ രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പദ്ധതി നം. | 53/22 എ.ബി.സി. പ്രോഗ്രാം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | ₹200000/- (പ്ലാൻഫണ്ട്) |
| ബിൽ നം./തീയതി/തുക | 21100252009900838081/24.12.21 ₹200000/- |

വെറ്ററിനറി സർജൻ നടപ്പാക്കിയ പ്രസ്തുത പ്രോജക്ടിനുവേണ്ടി ഇടുക്കി ജില്ല കുടുംബശ്രീ മിഷന് ₹200000/- നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിനിയോഗരേഖകൾ ഹാജരാക്കിയില്ല. ആകയാൽ ചെലവഴിച്ച ₹200000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-15 ജലസേചന പമ്പ്സെറ്റ് വിതരണം - സബ്സിഡി തുക ഗുണഭോക്താവിന് ലഭിച്ചില്ല

പദ്ധതിയുടെ പേര്- 31/2022, ജലസേചന പമ്പ് സെറ്റ് വിതരണം (ജനറൽ)

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

അടങ്കൽ – ₹361300/- (വികസന ഫണ്ട് ജനറൽ)

ചെലവ് - ₹361300/-

മേൽ പദ്ധതി പ്രകാരം 39 ഗുണഭോക്താക്കൾക്ക് ജലസേചന പമ്പ്സെറ്റ് വാങ്ങിയതിന്റെ തുക അവരവരുടെ ബാങ്ക് അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്താവായ ശ്രീ. ത്യാഗരാജ് എന്ന വ്യക്തിയുടെ അക്കൌണ്ടിലേക്ക് (57061253539/SBI) അനുവദിച്ച ₹9000/- (ബിൽ നം. 1473053/26.03.2022) നാളിതുവരെ ടിയാന്റെ അക്കൌണ്ടിലേക്ക് ക്രെഡിറ്റ് ആയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (10/21.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആനുകൂല്യം ഗുണഭോക്താവിന് ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-16 ജി.എസ്.റ്റി. കോംപോസിഷൻ സ്കീം പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനത്തിന് ജി.എസ്.റ്റി. അനുവദിക്കുന്നു

ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണത്തിന് അമൃതം ന്യൂട്രിമിക്സ് വാങ്ങിയ വകയിൽ സമൃദ്ധി ഫുഡ് ന്യൂട്രിമിക്സ്, സന്യാസിയോട എന്ന കുടുംബശ്രീ സ്ഥാപനത്തിന് വിവിധ ബില്ലുകളിലായി ₹1,146,226/- അനുവദിച്ചു നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നമ്പർ/ തീയതി | തുക |
|---|---|---|
| 1 | 401799/13.09.2021 | 240050 |

| | | |
|---|---|---|
| 2 | 472017/15.01.2022 | 472017 |
| 3 | 1028299/29.01.2022 | 83123 |
| 4 | 234858/26.07.2021 | 351036 |

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പിന്റെ 25.05.2018 ലെ സർക്കാർ ഉത്തരവ് (സാ.ധാ) നം. 1450/2018/ ത.സ്വ.ഭ.വ പ്രകാരം അമൃതം ന്യൂട്രിമിക്സിന്റെ വില 5% ജി.എസ്.റ്റി. ഉൾപ്പെടെ ₹73.50/- യാണ്. ബിൽ ഓഫ് സപ്ലൈ പ്രകാരം ജി.എസ്.റ്റി. ഉൾപ്പെടെയുള്ള തുകയാണ് (₹73.50/-) സമൃദ്ധി ന്യൂട്രിമിക്സ് ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ പ്രസ്തുത സ്ഥാപനം ജി.എസ്.റ്റി. കോംപോസിഷൻ സ്കീം പ്രകാരമാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത് എന്ന് സ്ഥാപനത്തിന്റെ GSTIN (32DCBPS4657F1ZL) പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു; ഇത്തരമൊരു സ്ഥാപനത്തിന് ഉപഭോക്താക്കളിൽ നിന്നും ജി.എസ്.റ്റി. ഈടാക്കാൻ കഴിയില്ല (2017 ലെ കേരളാ ഗുഡ്സ് ആന്റ് സർവീസ് ടാക്സ് റൂൾസ് - ചാപ്റ്റർ 2 (5) (F,g)). നിയമാനുസൃതം ജി.എസ്.റ്റി. ഈടാക്കാൻ അവകാശമില്ലാത്ത സ്ഥാപനത്തിന് ജി.എസ്.റ്റി. ഉൾപ്പെടെയുള്ള തുക അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/21.02.2023) അമൃതം ന്യൂട്രിമിക്സിന്റെ വില ₹73.50/- നൽകാൻ ഗവൺമെന്റ് ഉത്തരവ് ഉണ്ടെന്നും കേരളത്തിലുടനീളം ഈ തുകയാണ് നൽകുന്നത് എന്നുമുള്ള മറുപടി ലഭ്യമാക്കി. എന്നാൽ അമൃതം ന്യൂട്രിമിക്സിന്റെ വില ₹73.50/- എന്ന് സർക്കാർ നിശ്ചയിച്ചിരിക്കുന്നത് 5% ജി.എസ്.റ്റി കൂടി ഉൾപ്പെട്ടതാണ്. ഇത് നൽകേണ്ടത് ടാക്സ് ഇൻവോയ്സ് പ്രകാരം ജി.എസ്.റ്റി ഈടാക്കാൻ കഴിയുന്ന സ്ഥാപനങ്ങൾക്കുമാത്രമാണ്. അതിനാൽ ജി.എസ്.റ്റി കോമ്പോസിഷൻ സ്കീമിൽ രജിസ്റ്റർ ചെയ്ത പ്രസ്തുത സ്ഥാപനത്തിന് 5% ജി.എസ്.റ്റി. ഉൾപ്പെടെയുള്ള തുക അനുവദിച്ചത് നിയമാനുസൃതമല്ല. ജി.എസ്.റ്റി. ഇനത്തിൽ അധികമായി നൽകിയ തുക തിരികെ ഈടാക്കുകയോ അല്ലാത്തപക്ഷം അതിനനുസരിച്ചുള്ള ന്യൂട്രിമിക്സ് സ്ഥാപനത്തിൽ നിന്ന് തുടർവർഷങ്ങളിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 1-17 തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ -രേഖകൾ ഹാജാക്കിയില്ല

| പ്രോജക്ടിന്റെ പേര് | വിദ്യാർത്ഥികളുടെ എണ്ണം | കോഴ്സ് ഫീസ് | ബിൽ നമ്പർ/ തീയതി | തുക ₹ |
|---|---|---|---|---|
| പത്താംതരം തുല്യത പരീക്ഷ | 5 | 5x1850=9250 | 21106232003201399630/ 21.03.2022 | 25450 |
| ഹയർ സെക്കൻഡറി തുല്യത കോഴ്സ് പ്രോജക്ട് നം.39/22 | 3 | 3x2500=7500 | | |
| | | ആകെ | | 25450 |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 10-ാം തരം, ഹയർ സെക്കൻഡറി തുല്യത പഠന പരീക്ഷയ്ക്ക് വേണ്ടി മേൽ സൂചിത ബിൽ പ്രകാരം സാക്ഷരത മിഷൻ ഡയറക്ടർക്ക് ₹25450/- നൽകിയിട്ടുണ്ട്. എന്നാൽ വിദ്യാർത്ഥികൾ പഠനം പൂർത്തീകരിച്ചതിന്റെയും പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തതിന്റെയും വിശദാംശങ്ങൾ ഹാജരാക്കിയില്ല. മാത്രമല്ല, സാക്ഷരത മിഷൻ ഡയറക്ടർക്ക് തുക ലഭിച്ചതിന്റെ കൈപ്പറ്റ് രസീതും ലഭ്യമാക്കിയില്ല. ₹25450/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 എസ്.എസ്.എ. വിഹിതം -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

സർവ ശിക്ഷാ അഭിയാൻ പദ്ധതിയ്ക്കായി ₹13,26,900/- ജില്ലാ കോ-ഓർഡിനേറ്റർക്ക്

കൈമാറിയിട്ടുണ്ടെങ്കിലും വിഹിതം ആവശ്യപ്പെട്ടുള്ള ഡിമാന്റ് നോട്ടീസ്, തുക ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം എന്നിവ എസ്.എസ്.എ.-യിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്റ്റിന്റെ പേര് | അടങ്കൽ (₹) | ബിൽ നം./തീയതി | തുക (₹) | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| എസ്.എസ്.എ വിഹിതം-(1/2022) | 1326900 | 21100252003200414605 തി.16.09.21 | 526900 | സെക്രട്ടറി |
| | | 2110025200320041460 തി.16.09.21 | 800000 | |

13-ാം പഞ്ചവത്സര പദ്ധതി ആസൂത്രണ മാർഗ്ഗരേഖയുടെ (29.01.2018-ലെ സ.ഉ(കൈ) നം.11/2018 /തസ്വഭവ-നമ്പർ ഉത്തരവ്) ഖണ്ഡിക 7.6(3) പ്രകാരം എസ്.എസ്.എ., ആർ.എം.എസ്.എ. പ്രോജക്ടുകൾക്ക് തുക വകയിരുത്തണമെന്നും പ്രോജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്ഥാപനം മുഖ്യ പങ്ക് വഹിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, തുക കൈമാറിയിട്ടുള്ളതല്ലാതെ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന എസ്.എസ്.എ. പ്രോജക്ടുകൾ സംബന്ധിച്ച് യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം എ.എസ്.എ. പ്രകാരം ആവിഷ്കരിച്ച പ്രോജക്ടുകളുടെ നിർവ്വഹണവും ഗ്രാമ പഞ്ചായത്ത് കൈമാറിയ തുക ഉൾപ്പെടുത്തി തയ്യാറാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങളും വിനിയോഗ വിവരവും ഹാജരാക്കാത്തതിനാൽ പ്രോജക്ടുകൾക്കായി ചെലവഴിച്ച ₹13,26,900/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 സാമൂഹ്യ സുരക്ഷാ പെൻഷൻ – സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്

ധനകാര്യ വകുപ്പിന്റെ 02.08.2021-ലെ 63/2021 നമ്പർ സർക്കുലറിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ മരണപ്പെടുന്ന ഗുണഭോക്താക്കളെ യഥാസമയം പെൻഷൻ ലിസ്റ്റിൽ നിന്നും നീക്കുന്നതിന് ചുവടെ ചേർക്കുന്ന വ്യവസ്ഥ പാലിക്കാൻ പ്രാദേശിക സർക്കാരുകളോട് നിർദ്ദേശിച്ചിട്ടുണ്ട്.

1. പ്രാദേശിക സർക്കാരിൽ അതത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാർ പരിധിയിൽ സ്ഥിര താമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം, അക്കാര്യം ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയെ തൊട്ടടുത്ത മാസം 10-ാം തീയതിക്ക് മുമ്പ് അറിയിക്കേണ്ടതാണ്.
2. എല്ലാ പ്രാദേശിക സർക്കാർ പരിധിക്കുള്ളിലും മരണപ്പെടുന്നവരുടെ വിവരങ്ങൾ 3 മാസത്തിലൊരിക്കൽ ധനകാര്യ (എസ് എഫ് സി - ബി) വകുപ്പിൽ അറിയിക്കേണ്ടതാണ്.
3. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടാൽ ഗുണഭോക്താക്കളുടെ അവകാശികളോ അടുത്ത ബന്ധുക്കളോ പ്രസ്തുത വിവരം ബന്ധപ്പെട്ട പ്രദേശിക സർക്കാരിൽ വീഴ്ച കൂടാതെ അറിയിക്കുന്നതിനു വ്യവസ്ഥ ചെയ്യുന്ന സത്യപ്രസ്താവന സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ/ അപേക്ഷകരിൽ നിന്നും വാങ്ങേണ്ടതാണ്.

സർക്കാർ നിർദ്ദേശം പാലിക്കുന്ന വിശദാംശങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/21.02.2023) മരണവിവരം അതത് ഗ്രാമപഞ്ചായത്തുകളിൽ അറിയിക്കുന്നുണ്ട് എന്ന മറുപടി ലഭ്യമാക്കി. കൂടാതെ പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടാൽ ഗുണഭോക്താക്കളുടെ അവകാശികളോ അടുത്ത ബന്ധുക്കളോ പ്രസ്തുത വിവരം ബന്ധപ്പെട്ട പ്രദേശിക സർക്കാരിൽ അറിയിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന സത്യപ്രസ്താവന പെൻഷൻ അപേക്ഷകൾ കൈകാര്യം ചെയ്യുന്ന സേവന, ഐ.എൽ.ജി.എം.എസ്. എന്നീ സോഫ്റ്റ്‌വെയറുകളിൽ നിലവിൽ ലഭ്യമല്ല എന്ന വിവരവും അറിയിച്ചിട്ടുണ്ട്.

പഞ്ചായത്ത് പരിധിക്കുള്ളിൽ മരണപ്പെടുന്നവരുടെ വിവരങ്ങൾ 3 മാസത്തിലൊരിക്കൽ ധനകാര്യ (എസ് എഫ് സി - ബി) വകുപ്പിൽ അറിയിക്കുന്നതിനും ഗുണഭോക്താക്കൾ മരണപ്പെടുന്ന വിവരം കൃത്യസമയത്ത് തന്നെ പെൻഷൻ ഗുണഭോക്താക്കളുടെ അവകാശികളോ അടുത്ത ബന്ധുക്കളോ പ്രദേശിക സർക്കാരിൽ അറിയിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന സത്യപ്രസ്താവന പെൻഷൻ ഗുണഭോക്താക്കളിൽ നിന്നും വാങ്ങാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-20 ലൈഫ് ഭവന പദ്ധതി-ഹഡ്കോ വായ്പ വിവരം പൂർണ്ണമായും സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല

വി.ഇ.ഒ നടപ്പാക്കിയ ലൈഫ് ഭവന പദ്ധതിക്കായി തൻവർഷം ഹഡ്കോ വായ്പ ഇനത്തിൽ താഴെ പറയും പ്രകാരം ചെലവുള്ളതായി ധനസഹായ വിതരണ രജിസ്റ്റർ/ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്.

| പ്രോജക്റ്റ് നം / പേര് | വായ്പ ഇനത്തിൽ ചെലവഴിച്ച തുക | സുലേഖ പ്രകാരം വായ്പ ഇനത്തിൽ ചെലവഴിച്ച തുക | വ്യത്യാസം |
|---|---|---|---|
| 16/2022, ലൈഫ് ഭവന പദ്ധതി | 1700000 | 960000 | 790000 |
| 17/2022, ലൈഫ് ഭവന പദ്ധതി | 1140000 | 360000 | 780000 |

ഗുണഭോക്തൃ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന മേൽ ചെലവുകൾ 2021-22 വർഷത്തെ സുലേഖ പദ്ധതി ചെലവു കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല. കൂടാതെ തൻവർഷം ലഭ്യമായ / ചെലവഴിച്ച തുകയുടെ വിവരവും ലഭ്യമാക്കിയിട്ടില്ല. (എൻക്വയറി നമ്പർ 21/ 23.03.2023). നിർവ്വഹണ ഉദ്യോഗസ്ഥർ ചെലവഴിക്കുന്ന തുകകൾ സുലേഖ സ്റ്റേറ്റ്മെന്റിൽ യഥാവിധി ഉൾപ്പെടുത്തുന്നതിലൂടെയാണ് സ്ഥാപനത്തിന്റെ പദ്ധതി വിഹിതത്തിന്റെ ആകെ അടങ്കൽ, ചെലവ്, ഇനിയും വേണ്ടി വരുന്ന വിഹിതത്തിന്റെ തോത് തുടങ്ങിയവ സംബന്ധിച്ച വ്യക്തമായ ചിത്രം ലഭിക്കുന്നത്. ആയതിനാൽ മേൽ വിഹിതത്തിലൂടെ ചെലവഴിച്ച തുകയുടെ വിവരങ്ങൾ സുലേഖയിൽ രേഖപ്പെടുത്താതിരുന്നതിന് മറുപടി ലഭ്യമാക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

### 1-20-1 ഗുണഭോക്തൃ രജിസ്റ്ററിൽ ബിൽ/ ചെക്ക്/ വൌച്ചർ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല

പീരുമേട് ഗ്രാമ പഞ്ചായത്തിലെ ലൈഫ് പദ്ധതിയുടെ ഗുണഭോക്തൃ രജിസ്റ്റർ പരിശോധിച്ചതിൽ ഓരോ വ്യക്തിക്കും പ്ലാൻ ഫണ്ട്, ഹഡ്കോ വായ്പ, സ്റ്റേറ്റ് ഷെയർ, ബ്ലോക്ക്/ ജില്ല/ ഗ്രാമപഞ്ചായത്ത് വിഹിതം എന്നിവയിലൂടെ അനുവദിക്കുന്ന തുകയുടെ തീയതി സഹിതമുള്ള ബിൽ/ ചെക്ക്/ വൌച്ചർ നമ്പർ രേഖപ്പെടുത്തുകയോ ഉദ്യോഗസ്ഥൻ രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തൽ നടത്തുകയോ ചെയ്യുന്നില്ല. അതിനാൽ മുൻവർഷങ്ങളിലെ രജിസ്റ്റർ/ തുക എന്നിവയുടെ ആധികാരികത ഉറപ്പ് വരുത്തുക പ്രായോഗികമല്ല. ഓരോ വർഷവും ലഭിക്കുന്ന തുകയുടെ പൂർണമായ വിവരങ്ങൾ രേഖപ്പെടുത്തി ആധികാരികമാക്കി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

1-21 അഗതി രഹിത കേരളം പദ്ധതി (ആശ്രയ)-തുക പിൻവലിച്ച് കുടുംബശ്രീ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചതിൽ നടപടികൾ അവസാനിപ്പിച്ചു

| | |
|---|---|
| പ്രോജക്ട് | 5/22, അഗതി രഹിത കേരളം പദ്ധതി (ആശ്രയ) |
| അടങ്കൽ | ₹500000/- (വികസന ഫണ്ട്- ജനറൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ബിൽ നം. /തീയതി / തുക | 1) 2110025201367729/ 18.03.2022/ ₹500000/- |

മേൽ പദ്ധതിയുടെ നിർവ്വഹണത്തിനായി ₹500000/- സി.ഡി.എസ്. അക്കൌണ്ടിലേക്ക് നൽകിയിട്ടുണ്ടെങ്കിലും തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 08/20.02.2023) ലഭ്യമാക്കിയ മറുപടിയിൽ അഗതി രഹിത കേളം പദ്ധതിയിൽ ഉൾപ്പെടുത്തി വീട് മെയിന്റനൻസിനായി കണ്ടെത്തിയ ഗുണഭോക്താക്കളുടെ വീട് മെയിന്റനൻസിനുള്ള നടപടികൾ ആരംഭിച്ചെങ്കിലും അവർക്ക് സ്വന്തമായി പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ തുക വിനിയോഗിക്കാനായില്ലെന്നും ടി പ്രവൃത്തി ഉടൻതന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പദ്ധതി അടിയന്തരമായി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. ട്രഷറിയിൽ നിന്നും പിൻവലിച്ച് കുടുംബശ്രീ അക്കൌണ്ടിൽ നിക്ഷേപിച്ച ₹500000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-22 പീരുമേട് മാലിന്യ സംസ്കരണ പ്ലാന്റിൽ അനുബന്ധ സൌകര്യമൊരുക്കലും വളം ശേഖരിക്കുന്നതിന് അരിപ്പ വാങ്ങലും - വാങ്ങൽ നടപടിക്രമം പാലിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് | 225/22, പീരുമേട് മാലിന്യ സംസ്കരണ പ്ലാന്റിൽ അനുബന്ധ സൌകര്യമൊരുക്കലും വളം ശേഖരിക്കുന്നതിന് അരിപ്പ വാങ്ങലും |
| അടങ്കൽ | ₹500000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| ബിൽ നം./ തീയതി/തുക | 21100252014001449066/ 17.03.2022/ ₹150000/- |

മേൽ പദ്ധതിയിൽ മാലിന്യ സംസ്കരണ പ്ലാന്റിൽ അനുബന്ധ സൌകര്യമൊരുക്കലും വളം ശേഖരിക്കുന്നതിന് അരിപ്പ വാങ്ങലുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ വളം അരിക്കുന്നതിനുള്ള അരിപ്പ വാങ്ങുന്നതിന് എസ്റ്റിമേറ്റിൽ മറ്റ് സ്പെസിഫിക്കേഷൻ ഒന്നും രേഖപ്പെടുത്താതെ ₹150000/- ഉൾപ്പെടുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. അരിപ്പ വാങ്ങുന്നതിന് കൃത്യമായ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തി ടെണ്ടർ ക്ഷണിച്ചതിന്റെ നോട്ടീസ് ഫയലിൽ ഇല്ല. ഒരു ലക്ഷം രൂപയിൽ കൂടുതൽ അടങ്കലുള്ള വാങ്ങലിന് ടെണ്ടർ ക്ഷണിക്കേണ്ടതാണ്. എന്നാൽ ലഭിച്ച മൂന്ന് ടെണ്ടറുകളിലും യാതൊരു സ്പെസിഫിക്കേഷനും രേഖപ്പെടുത്താതെ താഴെ പറയും പ്രകാരമുള്ള നിരക്ക് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നം. | സ്ഥാപനം | രേഖപ്പെടുത്തിയ നിരക്ക് ₹ |
|---|---|---|
| 1 | Brite And White Kudumbasree | 175000 |
| 2 | M.J.Green Solution | 165000 |
| 3 | The Hub, Kumity | 150000 |

ഇതിൽ കുറവ് തുക രേഖപ്പെടുത്തിയ ടെണ്ടർ അംഗീകരിച്ച് വാങ്ങൽ നടത്തി. വാങ്ങാൻ ഉദ്ദേശിച്ച വസ്തുവിന്റെ അടിസ്ഥാന വിലയോ സ്പെസിഫിക്കേഷനോ നിശ്ചയിക്കാതെ വാങ്ങൽ നടത്തിയത് എപ്രകാരമാണ് എന്ന് വ്യക്തമല്ല. ഈ വിഷയത്തിൽ വിശദീകരണം അവശ്യപ്പെട്ട് 22.02.2023 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 17) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവ് തുക ₹150000/-

ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വാങ്ങൽ നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-23 കുട്ടിക്കാനം വോളിബാൾ കോർട്ട് നെറ്റ് സ്ഥാപിക്കൽ- ആസൂത്രണത്തിന്റെ പിഴവുമൂലം പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് | 156/22, കുട്ടിക്കാനം വോളിബാൾ കോർട്ട് നെറ്റ് സ്ഥാപിക്കൽ |
| അടങ്കൽ | ₹100000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| ബിൽ നം. /തീയതി / തുക | 2110025201400l156272/18.02.2022/ ₹99587/- |

കുട്ടിക്കാനത്തുള്ള വോളിബാൾ കോർട്ട് നെറ്റ് കെട്ടി സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ഏറ്റെടുത്ത മേൽപദ്ധതിയുടെ എസ്റ്റിമേറ്റിൽ കോർട്ടിന് ചുറ്റും 6 മീറ്റർ ഉയരത്തിൽ നിശ്ചിത അകലത്തിൽ ജി.ഐ. പൈപ്പ് സ്ഥാപിക്കുക എന്നത് മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്. അത് പ്രകാരം പദ്ധതി നിർവ്വഹണം നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ നെറ്റ് സ്ഥാപിക്കുന്നതിനുള്ള ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഓഡിറ്റ് വേളയിൽ നടത്തിയ സ്ഥലപരിശോധനയിൽ പ്രസ്തുത ഗ്രൗണ്ടിൽ നിശ്ചിത അകലത്തിൽ സ്ഥാപിച്ചിട്ടുള്ള ജി.ഐ. പൈപ്പുകൾ കോർട്ടിന്റെ ചുറ്റും പൂർണ്ണമായി എത്തിയിട്ടില്ല എന്ന് കാണുകയുണ്ടായി. നെറ്റ് സ്ഥാപിച്ചിട്ടുമില്ല. കോർട്ടിന്റെ ചുറ്റും പൂർണ്ണമായും പൈപ്പ് സ്ഥാപിച്ച് നെറ്റ് സ്ഥാപിക്കാത്തതിനാൽ നിലവിൽ ചെയ്തിരിക്കുന്ന പ്രവൃത്തികൊണ്ട് യാതൊരു പ്രയോജനവും ലഭ്യമായിട്ടില്ല. പദ്ധതിയുടെ പൂർത്തീകരണത്തിനായി 2022-23 വർഷം പദ്ധതി ഏറ്റെടുക്കാത്ത സാഹചര്യത്തിൽ ടി പദ്ധതിക്കായി ചെലവഴിച്ച തുക പൂർണ്ണമായും പാഴായതായി ഓഡിറ്റ് വിലയിരുത്തുന്നു. അപൂർണ്ണമായി ഇത്തരം പ്രോജക്റ്റ് ഏറ്റെടുത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് 23.02.2023 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 24) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി പണം പാഴാവുന്ന തരത്തിൽ പ്രോജക്റ്റ് ഏറ്റെടുക്കുന്ന നടപടിയിൽ ഭരണ സമിതിയും നിർവ്വഹണ ഉദ്യോഗസ്ഥനും ഉത്തരവാദികളാണ്. തുടർ പ്രോജക്റ്റ് ഏറ്റെടുത്ത് പദ്ധതി പൂർത്തീകരിക്കാത്തതിനാൽ ചെലവഴിച്ച ₹ 99587/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-24 വാർഡ് 8- 20-10 To 40 റോഡ് ടാറിംഗ്- പദ്ധതി നിർവ്വഹണത്തിൽ അപാകത, നഷ്ടം ₹39066/-

| | |
|---|---|
| പ്രോജക്റ്റ് | 83/22, വാർഡ് 8- 20-10 To 40 റോഡ് ടാറിംഗ് |
| അടങ്കൽ | ₹ 865000/- – (മെയിന്റനൻസ് ഗ്രാന്റ്- റോഡ്)<br>PAC -693537.29/- (19.82 % കുറവ്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| അളവ് ബുക്ക് നം. | 219/21-22 |
| കരാറുകാരൻ | ശ്രീ. എം. ജെ. ബിനു. |
| ബിൽ നം. /തീയതി/തുക | 2110025201400098205/ 24.01.2022/ ₹773730/- |

മേൽ പദ്ധതിയുടെ എസ്റ്റിമേറ്റിൽ 265.30 മീറ്റർ റോഡ് റീടാറിംഗ്, കലുങ്ക് നിർമ്മാണം എന്നിവ ഉൾപ്പെടുത്തി പദ്ധതി ടെണ്ടർ ചെയ്ത് നിർവ്വഹണത്തിന് കരാറുകാരനെ ചുമതലപ്പെടുത്തിയിരുന്നു. 2016 ലെ DSoR പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. എസ്റ്റിമേറ്റിൽ ₹663560.53/- വകയിരുത്തിയ ടാറിംഗ് പ്രവൃത്തി പിന്നീട് പൂർണ്ണമായും ഒഴിവാക്കി. കലുങ്ക് നിർമ്മാണത്തിന് കൂടുതൽ തുക ചെലവഴിക്കുകയും ബാക്കിയുണ്ടായിരുന്ന ₹364671.79/- വിനിയോഗിച്ച് റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി നടത്തുകയും ചെയ്തു. എസ്റ്റിമേറ്റ് പൂർണ്ണമായി റീകാസ്റ്റ് ചെയ്തിട്ടും റീ-ടെണ്ടർ ചെയ്യാതെ നിലവിലുള്ള കരാറുകാരനെ പ്രവൃത്തി ഏൽപ്പിക്കുകയാണ് ചെയ്തത്. റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തി ടി കരാറുകാരൻ നിർവ്വഹിച്ച

വേളയിൽ ക്വോട്ട് ചെയ്ത നിരക്ക് അടിസ്ഥാനപ്പെടുത്താതെയാണ് തുക അനുവദിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് (₹) | ടെണ്ടർ കിഴിവ് കുറച്ച് അനുവദിക്കാവുന്ന നിരക്ക് (₹) (19.82% Below) | അനുവദിച്ച നിരക്ക് (₹) | അധികം അനുവദിച്ച നിരക്ക് (₹) |
|---|---|---|---|---|---|
| 1 | Od1306143/21-22- Filling Up Quarry Muck | 931.28 | 746.70 | 836.29 | `89.59 |
| 2 | 8.3.2.A Earthwork In Hill Road | 148.46 | 119.035 | 133.310 | 14.275 |
| 3 | 75.8.1 CC 1:2:4 | 8604.11 | 6898.775 | 7726.490 | 827.715 |

മുകളിൽ സൂചിപ്പിച്ച നിരക്ക് വ്യതിയാനം കണക്കിലെടുക്കാത്തതിനാൽ പ്രസ്തുത പ്രവൃത്തിയിൽ താഴെ പറയും പ്രകാരം ₹39066/- അധിക തുക കരാറുകാരന് അനുവദിച്ചിരിക്കുന്നു.

| ക്രമ നം | അളവ് ബുക്ക് പേജ് നം. | ഇനം | അളവ് (ക്യു.മീറ്റർ) | അനുവദിച്ച അധിക നിരക്ക് (₹) | കരാറുകാരന് നൽകിയ അധിക തുക |
|---|---|---|---|---|---|
| 1 | 23 | Od1306143/21-22- Filling Up Quarry Muck | 15.280 | 89.59 | 1369 |
| 2 | 25 | 8.3.2.A Earthwork In Hill Road | 24.096 | 14.275 | 344 |
| 3 | 26 | 75.8.1 CC 1:2:4 | 45.128 | 827.715 | 37353 |
| | ആകെ | | | | 39066 |
| | 10% GST ഉൾപ്പെടെ ആകെ അധികം നൽകിയത് (39066 + 3907) | | | | 42973 |

(2% TDS ഈടാക്കിയതിനാൽ ബാക്കി 10% GST ആണ് അധികമായി നൽകിയത്)

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 22.02.2023 ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 19) മറുപടി ലഭ്യമാക്കിയില്ല. അധികമായി നൽകിയ ₹42973/- ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ എൻജിനീയറിൽ നിന്നോ ഈടാക്കി അതത് ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. കൂടാതെ നടപടിക്രമം പാലിക്കാതെ പ്രവൃത്തി നടത്തിയത് സംബന്ധിച്ച് ഭരണ വകുപ്പ് അന്വേഷണം നടത്തി ഉചിത നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-25 ദുരിതാശ്വാസ നിധി - രൂപീകരിച്ചിട്ടില്ല

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പ്രകൃതിക്ഷോഭം, അത്യാഹിതം, മാറാരോഗങ്ങൾ, പേമാരി, വെള്ളപ്പൊക്കം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം എന്നിവ മൂലം ദുരിതമനുഭവിക്കുന്ന പഞ്ചായത്ത് നിവാസികളുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നല്കുന്നതിനുദ്ദേശിച്ച് വേറിട്ട് രൂപീകരിക്കുന്ന ഒരു അക്കൗണ്ടാണ് ദുരിതാശ്വാസ നിധി. എന്നാൽ നാളിതുവരെയും ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വസ നിധി രൂപീകരിച്ചിട്ടില്ല. പ്രസ്തുത ഉദ്ദേശ്യം മുൻ നിർത്തി ചട്ടം 3(2) പ്രകാരം കായിക-വിനോദ പരിപാടികൾ സംഘടിപ്പിച്ച് സംഭാവനകൾ സ്വീകരിച്ച് അക്കൗണ്ട് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 ആശുപത്രിയിലേക്ക് മരുന്ന വാങ്ങൽ-നിർവ്വഹണ ഏജൻസി ഔഷധങ്ങൾ പൂർണ്ണമായും

ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) |
| ബിൽ നമ്പർ /തിയതി | തുക |
| 2110025201020116134/21.02.22 | 200000 |
| 2110025201020117894 | 300000 |
| ആകെ | 500000 |

സി.എച്ച്.സി. മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള പാലിയേറ്റീവ് കെയർ എന്ന പദ്ധതിയിൽ മരുന്നുകൾ വാങ്ങുന്നതിനായി കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക കൈമാറിയെങ്കിലും സ്ഥാപനം നാളിതുവരെ പ്രസ്തുത ഔഷധങ്ങൾ പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | കൈമാറിയ തുക | വിതരണം ചെയ്ത മരുന്നുകളുടെ മൂല്യം | ക്രമീകരിക്കാൻ ശേഷിക്കുന്ന തുക ₹ |
|---|---|---|---|
| 10/22 | 200000 | 181783 | 18217 |
| ” | 300000 | 290045 | 9955 |

ആവശ്യപ്പെട്ട ഔഷധങ്ങൾ ലഭ്യമാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-27 പൊതുടാപ്പുകളുടെ വെള്ളക്കരം -ഒടുക്ക് വരുത്തിയ തുക ഡിമാന്റിൽ കുറവ് വരുത്തുന്നില്ല.

| | |
|---|---|
| പ്രോജക്ട് | 19/22, പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ |
| അടങ്കൽ | ₹683616/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് തുക | ₹683616/- |

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ 124 പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 2021-22 വർഷം ആകെ ₹683616/- ഒടുക്കിയിട്ടുണ്ട്. എന്നാൽ പ്രതിമാസം ഒടുക്ക് വരുത്തുന്ന തുക കുറവ് ചെയ്യാതെയാണ് വാട്ടർ അതോറിറ്റിയിൽ നിന്നും ഡിമാന്റ് നോട്ടീസ് ലഭ്യമായിട്ടുള്ളത്. ഒടുക്കിയ തുക കുറവ് ചെയ്തില്ലയെന്ന് മാത്രമല്ല ഒടുക്ക് വരുത്തിയ തുക കൂടി കുടിശ്ശികയായി പരിഗണിച്ച് പിഴപ്പലിശ കൂടി ചേർത്താണ് ഡിമാന്റ് നോട്ടീസ് നൽകിവരുന്നത്. 2021 ഏപ്രിൽ മാസത്തെ ഡിമാന്റ് നോട്ടീസിൽ മുൻവർഷ കുടിശ്ശികയായി ₹67,95,548/- ഉൾപ്പെടുത്തിയിട്ടുണ്ട്. തൻവർഷം ₹6,83,616/- ഒടുക്ക് വരുത്തിയിട്ടുണ്ടെങ്കിലും ആയത് ഉൾപ്പെടെ വർഷാവസാനം 03/2022 ൽ ലഭിച്ചിട്ടുള്ള ഡിമാന്റ് നോട്ടീസിലെ ആകെ ഡിമാന്റ് തുക ₹93,42,162/-ആണ്. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് 23.02.2023 ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 22) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത അപാകത വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് ഉടൻ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ മുൻവർഷങ്ങളിലും ഇപ്രകാരം അപാകത ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് കൂടി ക്രമപ്പെടുത്തേണ്ടതാണ്. തുക മുൻവർഷങ്ങളിൽ ഉൾപ്പെടെ ഒടുക്ക് വരുത്തിയതും ആയതിന്മേൽ അന്നുമുതൽ ചുമത്തിയിട്ടുള്ള പിഴപ്പലിശയും ഡിമാന്റിൽ നിന്നും കുറവ് ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വാർഡ് 8- 20-10 To 40 റോഡ് ടാറിംഗ്- പദ്ധതി നിർവ്വഹണത്തിൽ അപാകത, നഷ്ടം ₹39066/-

8-ാം വാർഡിലെ 20-10 To 40 റോഡ് ടാറിംഗ് എന്ന പദ്ധതിയുടെ എസ്റ്റിമേറ്റിൽ 265.30 മീറ്റർ റോഡ് റീടാറിംഗ്, കലുങ്ക് നിർമ്മാണം എന്നിവ ഉൾപ്പെടുത്തി പദ്ധതി ടെണ്ടർ ചെയ്ത് നിർവ്വഹണത്തിന് കരാറുകാരനെ ചുമതലപ്പെടുത്തിയിരുന്നു. 2016 ലെ DSoR പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. എസ്റ്റിമേറ്റിൽ ₹663560.53/- വകയിരുത്തിയ ടാറിംഗ് പ്രവൃത്തി പിന്നീട് പൂർണ്ണമായും ഒഴിവാക്കി കലുങ്ക് നിർമ്മാണത്തിന് കൂടുതൽ തുക ചെലവഴിക്കുകയും ബാക്കിയുണ്ടായിരുന്ന ₹364671.79/- വിനിയോഗിച്ച് റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി നടത്തുകയും ചെയ്തു. എസ്റ്റിമേറ്റ് പൂർണ്ണമായി റീകാസ്റ്റ് ചെയ്തിട്ടും റീ-ടെണ്ടർ ചെയ്യാതെ നിലവിലുള്ള കരാറുകാരനെ പ്രവൃത്തി ഏൽപ്പിക്കുകയാണ് ചെയ്തത്. റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തി കരാറുകാരൻ നിർവ്വഹിച്ച വേളയിൽ ടിയാൻ ക്വോട്ട് ചെയ്തിരുന്ന 19.82% ടെണ്ടർ കിഴിവ് പരിഗണിക്കാതെ തുക അനുവദിച്ചു. ഇക്കാരണത്താൽ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-24 ൽ വിശദീകരിച്ചിട്ടുള്ളതു പ്രകാരം ₹42973/- അധികമായി അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾക്ക് ഖണ്ഡിക 1-24 കാണുക. പ്രസ്തുത ഖണ്ഡിക ഈ ഖണ്ഡികയുടെ ഭാഗമായിരിക്കും.

നഷ്ടമായ തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്. നഷ്ടത്തിന് ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരുവിവരം ഖണ്ഡിക 4-10(ബി)യിൽ ചേർത്തിട്ടുണ്ട്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന് അനുബന്ധമായി ചേർത്തിട്ടുണ്ട് |

### 4-2 സംയുക്ത പ്രോജക്ടുകൾ

| വിഹിതം നല്കിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | തുക ലഭിച്ച വർഷം | തൻവർഷം ലഭിച്ച തുക ₹ | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | വാർഡ് -14 പീരുമേട് ടൗൺ റ്റു സിവിൽ സ്റ്റേഷൻ റോഡ് റീ ടാറിംഗ് | 2021-22 | 165000 | 0 | 0 |

### 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക/റിമാർക്സ് |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | തോട്ടാപ്പുര മാലിന്യ സംസ്കരണ പ്ലാന്റിലേക്ക് | 22100270/ 15.06.21 | 21981 | 0 | വിനിയോഗ സാക്ഷ്യപത്രം |

| | | | | | |
|---|---|---|---|---|---|
| | വാട്ടർ കണക്ഷൻ എടുക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ തുക അടയ്ക്കൽ | | | | ഹാജരാക്കിയില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-5 വായ്പ വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ ഇനത്തിൽ ₹2600,000/-വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി/വായ്പ തുക | ലഭിച്ച വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം എടുത്ത വായ്പ ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ജവഹർ ഭവന പദ്ധതി | 296625/ഡി.ബി.1/ 15/തസ്വഭവ/ തീ.29.09.2015 തുക ₹1,80,00,000/- | 17800000 | 9299380 | -- | 3000000 | -- | 6299380 |
| ലൈഫ് ഭവന പദ്ധതി- കെ.യു.ആർ.ഡി എഫ്.സി | ജി.ഒ.എം.എസ്. നം. 68/2018/ തസ്വഭവ./തീ.18.08.2018 ₹4,66,16,000/- (3 ഗഡു ഉൾപ്പെടെ) | 42196000 +2600000 | 82872881 | 2600000 | 8726667 | -- | 76746214 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹1500000 |
| തൻവർഷം നിക്ഷേപിച്ച തുക | ₹1500000 |
| ആകെ | ₹3000000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | ₹3000000 |

വർഷവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച | കാലയളവ് | തുക ₹ | റിമാർക്സ് |
|---|---|---|---|---|

| | തീയതി | | | |
|---|---|---|---|---|
| ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 01.04.2021 | 1 വർഷം | ₹1500000 | 58 തീ:01.04.2022 |
| പാമ്പനാർ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് | 22.03.2022 | 1വർഷം | ₹1500000 | തീ:22.03.2023 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 9525/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു .

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗസ്ഥർ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-2017 | 3(5) | 9525 | ശ്രീ. രമേശൻ റ്റി.ആർ., അസി.എഞ്ചിനീയർ | 1210102003/02.12.21 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ്-23 പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 33 | 2002-03 | 6-3(i) | വനിത ബ്യൂട്ടിപാർലർ - അപാകതകൾ - അനധികൃത ചെലവ് അംഗീകരിക്കുന്നില്ല | -- |
| 2005-06 | 2-13 | 2009-10 | 2-6 | പാമ്പനാറിലെ ഷോപ്പിംഗ് കോംപ്ലക്സ് നഷ്ടം - ₹8,633/- | -- |
| 2006-07 | 3-1 | 2010-11 | 2-14 | ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം | -- |
| 2010-11 | 3-2 | 2013-14 | 4-7 | പണിപൂർത്തീയാക്കാതെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ₹50,64,425/- | പ്രോജക്ടിൽ തുക വകയിരുത്തി പണി പൂർത്തീകരിച്ച് |

| | | | | | |
|---|---|---|---|---|---|
| | | | | പാഴ്ചെലവ് | വരുന്നു |
| 2015-16 | 2-2 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ ലഭ്യമായ വിവരം

(എ) ചാർജ് നടപടികളുടെ വിവരം
– ഇല്ല –
(ബി) സർചാർജ് നടപടികളുടെ വിവരം

| | | | | സർചാർജ് സർട്ടിഫിക്കറ്റ് | | | | കോടതി വ്യവഹാരങ്ങളിൽ/ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം., ഭരണ വകുപ്പ് | നം./ തീയതി | തുക | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി | (ഉൾപ്പെട്ട തുക | ഈടാക്കിയ തുക | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2003-04 | 2-6 | പി. എസ്. മുഹമ്മദ് സലിം | -- | 30647 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 30647 | |
| 2 | 1997-98 | 22(ബി), 23(ബി) | ബി. നോബർട്ട്, സെക്രട്ടറി | എൽ.എഫ്. 5912/ എസ്.സി 2/2001 തി. 4.12.04 | 810+ 20024 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 810+ 20024 | |
| 3 | 1998-99 | 22, 23(ബി), 24 (എ), 25(1), (2) | ബി. നോബർട്ട്, സെക്രട്ടറി | എൽ.എഫ്. 11041/ എസ്.സി 2/2002 തി.24.2.03 | 71109 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 71109 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| മുന്നിരിപ്പ് | : | 28523623 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 96594579 |
| ആകെ | : | 125118202 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 102793536 |
| നീക്കിയിരിപ്പ് | : | 22324666 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 39066 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2372350 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 39066 | ശ്രീ. സ്റ്റീഫൻ റ്റി., അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 170000 | ഡോ. ഡോൺ ബോസ്കോ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-14 | 200000 | ഡോ. ബി. ഗണേശൻ, വെറ്ററിനറി സർജൻ |
| 1-17 | 25450 | ശ്രീ. അനിൽകുമാർ എസ്.എൽ., സെക്രട്ടറി |
| 1-18 | 1326900 | ശ്രീ. അനിൽകുമാർ എസ്.എൽ., സെക്രട്ടറി |
| 1-21 | 500000 | ശ്രീ. ശ്രീകുമാർ വി.കെ., അസി.സെക്രട്ടറി |
| 1-22 | 150000 | ശ്രീ. സ്റ്റീഫൻ റ്റി., അസി.എഞ്ചിനീയർ |
| 1-23 | 99587 | ശ്രീ. സ്റ്റീഫൻ റ്റി., അസി.എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 3907 | ശ്രീ. സ്റ്റീഫൻ റ്റി., അസി.എഞ്ചിനീയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സ്റ്റീഫൻ റ്റി., അസി.എഞ്ചിനീയർ | | വടക്കേക്കര പുത്തൻവീട്, ചെറുമൂട്, വെള്ളിമൺ പി.ഒ., കൊല്ലം ജില്ല, പിൻ-691511. |
| ശ്രീ. ശ്രീകുമാർ വി.കെ,, അസി.സെക്രട്ടറി | | ശ്രീനന്ദനം, പാലോട്ട് വിള, മലയിൻകീഴ് പി.ഒ, തിരുവനന്തപുരം ജില്ല |
| ഡോ. ഡോൺ ബോസ്കോ, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി), വണ്ടിപ്പെരിയാർ | ചെന്നത്തല വീട്, അർത്തുങ്കൽ പി.ഒ., ആലപ്പുഴ ജില്ല |
| ഡോ. ബി. ഗണേശൻ, വെറ്ററിനറി സർജൻ | | 9A-10 നന്ദഗോപാൽ സ്വാമി കോവിൽ, സെക്കൻഡ് സ്ട്രീറ്റ്, കമ്പം -625516 |
| ശ്രീ. അനിൽകുമാർ എസ്.എൽ., സെക്രട്ടറി | സെക്രട്ടറി, പീരുമേട് ഗ്രാമപഞ്ചായത്ത് | അഷ്ടപദി, കടയ്ക്കൽ, ചിങ്ങോലി പി.ഒ, കൊല്ലം ജില്ല |

4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാന വശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം. | റിമാർക്ക്സ് |
|---|---|---|---|
| 1995-1996 | എൽ.എഫ്.ഐ.6-55/99/15.01.2000 | 15 | 3,4,5,8,12,15,16, 17,18,20, 21,22,23,24,25 |
| 1996-1997 | എൽ.എഫ്.ഐ.6-147/98/20.11.1998 | 29 | 17,18,19,20,21, 22,23, 29(1,2), 30,31,32,33, |

| | | | |
|---|---|---|---|
| | | | 34,35,36,37, 38,39, 40,41,42,43-50 |
| 1997-1998 | എൽ.എഫ്.ഐ.6-213/2000/ 09.06.2000 | 12 | 21,22(a,b),23(a,b), 24,25,26, 27,28,31,32,34,37 |
| 1998-1999 | എൽ.എഫ്.ഐ.6-495/2000/ 29.08.2000 | 19 | 21,22,23(b,c), 24(a,b),25(1,2) 26,27,29,30,40 |
| 1999-2000 | എൽ.എഫ്.ഐ.6-6661/05.10.2001/ 05.04.2002 | 22 | 9,13,14,20, 21(1,2),22-38 |
| 2000-2001 | എൽ.എഫ്.ഐ.6-121/02/20.07.02/ 11.12.02 | 39 | 9,13,14,20(a,b), 21(b),23(a), 26(a,b),27, 28-54,57-60 |
| 2001-2002 | എൽ.എഫ്.ഐ.6-696/03/25.02.04/ 10.06.04 | 39 | 3-41 |
| 2002-2003 | എൽ.എഫ്.ഐ.6-12/05/10.07.05/ 05.11.05 | 23 | 2.4,2.5,2.6,2.7, 2.8,3.1, 3.2,3.3-3.14, 3.16,3.17 |
| 2003-2004 | എൽ.എഫ്.ഐ.6-175/07/15.02.07/ 31.07.07 | 15 | 2.1,2.2,2.3, 2.4, 2.5, 2.6, 3.1-3.8, 4.3 |
| 2004-2005 | എൽ.എഫ്.ഐ.6-949/07/12.03.08/ 05.04.08 | 20 | 2.2, 2.4-2.12, 3-1-3.9, 4.3 |
| 2005-2006 | എൽ.എഫ്.ഐ.8-1019/08/04.08.09/ 08.02.10 | 24 | 2.3-2.11,3.1- 3.13, 4.2,4.3 |
| 2006-2007 | എൽ.എഫ്.ഐ.8-19/10/14.09.10/ 29.10.10 | 4 | 3-1, 3-11, 3-13, 3-14 |
| 2007-2008 | എൽ.എഫ്.ഐ.8-1264/10/13.10.11/ 14.11.11 | 4 | 3-10, 3-13, 3-15, 3-18 |
| 2008-2009 | എൽ.എഫ്.ഐ.8-1231/11/10.02.12/ 10.05.12 | 2 | 3-6, 3-10 |
| 2010-2011 | എൽ.എഫ്.ഐ.8-328/13/03.05.13/ 09.07.13 | 1 | 3-2 |
| 2011-2012 | എൽ.എഫ്.ഐ.8-1272/13/06.11.13/ 19.04.13 | 6 | 2-2(എ), 3-1, 3-3, 3-6, 3-7, 3-8 |
| 2012-2013 | എൽ.എഫ്.ഐ.8-536/14/30.06.14/ 04.10.14 | 6 | 3-7, 3-8, 3-9, 3-10, 3-13, 3-16 |
| 2013-2014 | എൽ.എഫ്.ഐ.8-794/13/06.08.2015 | 1 | 3-9 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ. 8/646/2016 തി.2.6.2016 | 6 | 3-6, 3-7, 3-9, 3-10, 3-14(2), (3), 3-19 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ.8/1550/ 2016/ തീ.8.10.2016 | 3 | 2-1, 2-2, 3-1 |

| | | | |
|---|---|---|---|
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ.8/1057/2017 തീയതി 14.08.2017 | 6 | 2-2, 3-1, 3-4, 3-6, 3-15, 3-18 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ.8/1223/2018 തീയതി 28.11.2018 | 7 | 2-1, 2-2, 2-4 (ബി), 3-3, 3-4, 3-6, 3-7 |
| 2018-19 | കെ.എസ്.എ-എെ.ഡി.കെ-8/205/2020 തീയതി 25.05.2020 | 12 | 1-13, 1-14, 1-19, 1-20(3-1), 1-22, 1-23, 1-25, 1-26, 1-27, 1-36, 1-41, 1-47 |
| 2019-20 | കെ.എസ്.എ-എെ.ഡി.കെ-8/125/22 തീയതി 10/03/2022 | 21 | 1-10 മുതൽ 1-26 വരെയും, 2-1, 2-2, 3-1, 3-2 |
| 2020-21 | കെ.എസ്.എ-എെ.ഡി.കെ-8/894/22 തീയതി 30.07.2022 | 16 | 1-9 മുതൽ 1-23 വരെയും 1-25 |

റിപ്പോർട്ടുകളിൽ അവശേഷിക്കുന്ന തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ പീരുമേട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ പീരുമേട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്